# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 396 — 27.02.2017 — ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോജി എം .ജോൺ<br>,, കെ.മുരളീധരൻ<br>,, അനൂപ് ജേക്കബ്<br>,, എ.പി .അനിൽ കുമാർ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗങ്ങളുടെ അന്തിമപട്ടിക കേന്ദ്ര സർക്കാരിന് സമർപ്പിക്കാനുള്ള അവസാന ദിവസമെന്നായിരുന്നു; അതിൻപ്രകാരം അന്തിമപട്ടിക സമർപ്പിച്ചോ; വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലമാണോ അന്തിമപട്ടിക നിശ്ചിത തീയതിക്ക് മുമ്പ് സമർപ്പിക്കുവാൻ കഴിയാതെ വന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | അന്തിമപട്ടിക കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതില്ല. |
| (ബി) റേഷൻ വിതരണം മുടങ്ങുന്നതിനും പൊതുവിപണിയിലെ അരിവില കുതിച്ചുയരുന്നതിനും സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായ അനാസ്ഥ കാരണമായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ? | (ബി) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിൽ കാതലായ മാറ്റങ്ങൾക്ക് വഴി തെളിയിച്ചുകൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമം, 2013 നവംബർ മാസം മുതൽ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് തുടക്കത്തിലുണ്ടായ തൊഴിൽ പ്രശ്നങ്ങൾ കാരണം റേഷൻ വിതരണത്തിന് ചെറിയ ഒരു കാലതാമസം നേരിട്ടുവെങ്കിലും ആയത് പരിഹരിച്ച് റേഷൻ വിതരണം പുന സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ കൂടുതലായി ഉപയോഗിക്കുന്ന ആന്ധ്രാ ജയ അരിക്കാണ് ഗണ്യമായ വില വർദ്ധനവ് ഉണ്ടായിട്ടുള്ളത്. കൂടാതെ മട്ട വടി അരിയുടെ വിലയിലും നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഉപയോഗിക്കുന്ന അരിയുടെ സിംഹഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ആയതിനാൽ അന്യ സംസ്ഥാനങ്ങളിൽ കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ക്ഷോഭവും മറ്റും കൊണ്ട് ഉണ്ടാകുന്ന കൃഷി നാശത്തിന്റെ ഫലമായി ഉണ്ടാകുന്ന ഉൽപാദന കുറവ് സംസ്ഥാനത്തിലേക്കുള്ള അരി വരവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും കേന്ദ്രത്തിൽ നിന്ന് OMSS ഇക്കണോമിക് നിരക്കിൽ അരി ലഭ്യമാക്കി പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തു നിന്ന് ഇക്കാര്യത്തിൽ ഒരു അനാസ്ഥയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ